1. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പി. എ. - 1
2. ടൈപ്പിസ്റ്റ് - 1
3. റെക്കോർഡ് അറ്റൻഡർ - 1
4. ശിപായി - 1
5. എഫ്.റ്റി.എം. - 1

5-3-2003-ലെ ജി.ഒ.(എം.എസ്.)55/2003/പൊ.വി. പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ ക്യൂ ഐ.പി. വിഭാഗത്തിലെ ഗ്രേഡ് ഒന്ന് ഓഫീസറുടെ തസ്തിക ഷിഫ്റ്റ് ചെയ്ത് കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസറായും, ഇടുക്കി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഒരു ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസിലേക്കും ഷിഫ്റ്റ് ചെയ്തിട്ടുണ്ട്.

പാലിശ്ശേരി എസ്.എൻ.ഡി.പി. സ്കൂളിലെ അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകുവാൻ നടപടി

125 (3684) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലിശ്ശേരി എസ്.എൻ.ഡി.പി. സ്കൂളിൽ നിയമിതരായ അദ്ധ്യാപകർക്ക് എന്നത്തേക്ക് നിയമനാംഗീകാരം നൽകാൻ കഴിയും എന്ന് അറിയിക്കാമോ ?

ഉത്തരം

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി)56/02/ഫൈനാൻസ് തീയതി 16-1-2002 പ്രകാരം പുതിയ തസ്തികകൾ അനുവദിക്കുന്നതിൽ നിരോധനം ഏർപ്പെടുത്തിയിരുന്നു. നിയമന നിയന്ത്രണങ്ങൾ പിൻവലിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്.

പി.എസ്.സി. വഴിയുള്ള അദ്ധ്യാപക നിയമനം

126 (3685) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.പി., യു.പി. സ്കൂളുകളിലേക്ക് അദ്ധ്യാപക നിയമനത്തിനായി പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എത്രപേരെ നിയമിച്ചു ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ബി) പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ കൊല്ലം ജില്ലയിൽ താൽക്കാലിക നിയമനം നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്. ജില്ല തിരിച്ചുള്ള നിയമനത്തിന്റെ കണക്ക് താഴെക്കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly